(ബി) മരണമടഞ്ഞവരുടെ ആശ്രിതർക്ക് 30000/- രൂപയും പൂർണ്ണമായി കാഴ്ചശക്തി നശിച്ചവർക്ക് 25000/- രൂപയും ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവർക്ക് അസുഖത്തിന്റെ തോതനുസരിച്ച് 15000/- രൂപ വരേയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്.

(സി) 2000 ഒക്ടോബർ മാസത്തിൽ സംസ്ഥാനത്തുണ്ടായ വ്യാജമദ്യ ദുരന്തങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളിൽ അന്വേഷണം നടത്തുന്നതിന് രണ്ട് പ്രത്യേക സംഘങ്ങളും സംസ്ഥാനത്തേയ്ക്ക് സ്പിരിറ്റ് കടത്തുന്നതും വിതരണം ചെയ്യുന്നതും സംബന്ധിച്ച കേസുകൾ അന്വേഷിക്കുന്നതായി മറ്റൊരു പ്രത്യേക സംഘവും രൂപീകരിച്ച് അന്വേഷണം നടത്തി വരുന്നു.

കൂടാതെ കല്ലുവാതുക്കൽ, പള്ളിക്കൽ, പള്ളിപ്പുറം എന്നിവിടങ്ങളിലുണ്ടായ മദ്യദുരന്തം സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് കർണ്ണാടക ഹൈക്കോടതി സിറ്റിംഗ്സ് ജഡ്ജി ശ്രീ. ജസ്റ്റിസ് വി.പി. മോഹൻകുമാറിനെ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ട്.

116 (134) മദ്യദുരന്തത്തിന്റെ ഉത്തരവാദികൾ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ.കെ.കുട്ടി അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) മദ്യ ദുരന്തത്തിന് ഉത്തരവാദികളായ മദ്യലോബിയുടെ മാസപ്പടിയും കോഴയും വാങ്ങിയ എക്സൈസ് ഡിപ്പാർട്ടുമെന്റിലേയും പോലീസ് ഡിപ്പാർട്ടുമെന്റിലേയും ഉദ്യോഗസ്ഥന്മാർ ആരെല്ലാമെന്ന് അറിവായിട്ടുണ്ടോ;

(ബി) അവർ ആരെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥന്മാരും ഉൾപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവർ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ...ഡി) ഇതു സംബന്ധിച്ച പരാതികളിന്മേൽ അന്വേഷണം നടന്നുവരികയാണ്. പ്രാഥമിക അന്വേഷണത്തിൽ ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ ചില ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും മാറ്റി നിർത്തിയിട്ടുണ്ട്. അന്വേഷണം പൂർത്തിയായാൽ മാത്രമേ കുറ്റക്കാർ ആരൊക്കെയെന്ന് കൃത്യമായി പറയാൻ സാധിക്കൂ.

117 (135) മദ്യദുരന്തം സംബന്ധിച്ച അന്വേഷണം

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) ഐ.ജി. സിബി മാത്യൂവിന്റെ നേതൃത്വത്തിലും, ഐ.ജി. രാജൻ മഥേക്കറിന്റെ നേതൃത്വത്തിലും നിയോഗിക്കപ്പെട്ട പോലീസ് സംഘങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly